(സി) ഈ പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ട പ്രാരംഭ നടപടികൾ സ്വീകരിച്ചുവരികയാണ്".

റയിൽവേ ഓവർബ്രിഡ്ജുകൾ

* 107. [149] ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ എത്ര റെയിൽവേ ഓവർബ്രിഡ്ജുകൾ നിർമ്മിക്കാൻ ഉദ്ദേശമുണ്ട് ;

(ബി) ഏതെല്ലാം പ്രദേശങ്ങളിലാണ് ഓവർബ്രിഡ്ജുകൾ നിർമ്മിക്കാൻ നിർദ്ദേശമുള്ളത് ?

ധനകാര്യവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) :

(എ) നാഷണൽ ഹൈവേ വിഭാഗത്തിൽ 12 ഓവർബ്രിഡ്ജുകൾ നിർമ്മിക്കാനുദ്ദേശിക്കുന്നു. ബി.ആർ.ഡി ആർ. വിഭാഗത്തിൽ 1985-86 കാലഘട്ടത്തിൽ 7-ും 1986-87 കാലഘട്ടത്തിൽ 8-ും ഓവർബ്രിഡ്ജുകൾ നിർമ്മിക്കാനാണുദ്ദേശിക്കുന്നത്. ഇവയ്ക്കു പുറമേ നിക്ഷേപ പദ്ധതിപ്രകാരം രണ്ട് ഓവർബ്രിഡ്ജുകളും നിർമ്മിക്കാനുദ്ദേശിക്കുന്നു.

(ബി) എൻ.എച്ച്. വിഭാഗത്തിൽ

എൻ.എച്ച്.17-ൽ

1. ചൊവ്വ
2. നടാൽ
3. പള്ളിക്കര
4. പട്ടാനയാട്
5. കടവൂർ
6. ചെങ്ങോട്ട്കാവ്
7. ഇടപ്പള്ളി
8. ചേറോഡ്
9. കുറ്റിപ്പുറം (1985-86-ൽ ആരംഭിക്കും)

എൻ.എച്ച്.47-ൽ

(1) ആലുവായ്ക്കും എറണാകുളത്തിനുമിടയിൽ കി മീ. 330/00-ൽ

(2) ആലപ്പുഴ ബൈപ്പാസിൽ കി. മീ. 2/350

(3) നേവൽആർമിമെൻ ഡിപ്പോയിലേക്കുള്ള സൈഡിംഗിൽ കി.മീ. 332/00-ൽ.

ബി.ആർ.ഡി ആർ. വിഭാഗത്തിൽ 1985-86-ൽ

(1) കോഴിക്കോട് ഫ്രാൻസിസ് റോഡിൽ

(2) തൃശ്ശൂർ മെഡിക്കൽ കോളേജിലേക്കുള്ള അപ്രോച്ച് റോഡിൽ മുളങ്കുന്നത്തുകാവിൽ.

(3) തൃശ്ശൂർ ഷൊർണ്ണൂർ റോഡിലെ ഡീവിയേഷൻ റോഡിൽ വടക്കാഞ്ചേരിക്കും മുളങ്കുന്നത്തുകാവിനുമിടയിൽ

(4) വടക്കാഞ്ചേരിക്കും മുളങ്കുന്നത്തുകാവിനുമിടയിൽ കി. മീ. 19/01-ൽ

LIBRARY ARCHIVES Kerala Legislative Assembly

(5) കോട്ടയത്തിനും ചിങ്ങവനത്തിനും ഇടയിൽ മൂലേടം കൊല്ലാട്ടു റോഡിൽ

(6) ഷൊർണ്ണൂരിനും വെട്ടിക്കാട്ടിരി സ്റ്റേഷനുമിടയിൽ (വള്ളത്തോൾ നഗർ)

(7) കണ്ണൂർ റയിൽവേ സ്റ്റേഷനു സമീപം

1986-87-ൽ

(1) ഒല്ലൂരിനും പുതുക്കാട്ടിനുമിടയിൽ
(2) തലശ്ശേരി കൂർഗ് റോഡിൽ
(3) കളമശ്ശേരിക്കും ഇടപ്പള്ളിക്കുമിടയിൽ
(4) പാലക്കാട്ടുപുഴ എൻ. എച്ചിൽ.
(5) തൃപ്പൂണിത്തുറയ്ക്കും മുളന്തുരുത്തിക്കുമിടയിൽ
(6) തൃശ്ശൂരിനും ഒല്ലൂരിനും ഇടയിൽ
(7) മുള്ളൂർകരയ്ക്കും വടക്കാഞ്ചേരിക്കുമിടയിൽ
(8) ചിറയിൻകീഴിൽ.

നിക്ഷേപ പദ്ധതി പ്രകാരം

(1) കൊട്ടാരക്കരയ്ക്കും ആവണീശ്വരത്തിനുമിടയിൽ
(2) എം. ജി. റോഡിൽ കി.മീ. 6/7-ൽ ഉള്ള ഓവർബ്രിഡ്ജിനു പകരം പുതിയ ബ്രിഡ്ജ്.

പ്രീ-പ്രൈമറി വിദ്യാഭ്യാസം

* 108. [150] ശ്രീ. കെ. കൃഷ്ണൻകുട്ടി :
,, സിറിയക് ജോൺ :
,, പി. വിജയദാസ് :
,, കെ. കെ. ബാലകൃഷ്ണൻ :
,, വി. സി. കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രീ-പ്രൈമറി വിദ്യാഭ്യാസം വ്യാപകമാക്കുന്നതിന്റെ ഭാഗമായി എന്തെല്ലാം നടപടികളാണ് ഈ ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) പ്രീ-പ്രൈമറി വിദ്യാഭ്യാസത്തിനുവേണ്ടി പ്രത്യേകമായി സിലബസ് തയ്യാറാക്കിയിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ സിലബസ്സിന്റെ കോപ്പി മേശപ്പുറത്തു വയ്ക്കാമോ ;

(ഡി) പ്രീ-പ്രൈമറി വിദ്യാഭ്യാസരംഗത്ത് പ്രവർത്തിച്ചുകൊണ്ടിരുന്ന സാമൂഹ്യവികസന വകുപ്പുമായി ബന്ധപ്പെട്ട മഹിളാസമാജങ്ങളുടെ സഹകരണം പ്രീ-പ്രൈമറി വിദ്യാഭ്യാസത്തിന് ഉപയോഗപ്പെടുത്തുന്ന കാര്യത്തിൽ സ്റ്റേറ്റ് ലവൽ മഹിളാസമാജ യൂണിയനുമായി ഗവൺമെന്റ് വല്ല ചർച്ചയും നടത്തുകയുണ്ടായോ ;

(ഇ) ഇല്ലെങ്കിൽ അവരുമായി ചർച്ച നടത്തുന്ന കാര്യം പരിഗണിക്കുമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) :

(എ) പ്രീ-പ്രൈമറി ക്ലാസ്സുകളിലെ കുട്ടികളുടെ സർവ്വതോൻമുഖമായ അഭിവൃദ്ധിയെ ലാക്കാക്കി അവർക്കുവേണ്ടിയുള്ള പഠനവിഷയങ്ങൾ ഏകീകരിക്കുന്നതിനും നിലവിലുള്ള ഗവൺമെന്റ് സ്കൂളുകളിൽ സ്ഥല

LIBRARY ARCHIVES Kerala Legislative Assembly